കേരള വനം വകുപ്പ്

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് കൺസർവേഷൻ & ഡെവലപ്പ്മെന്റ് സൊസൈറ്റി, പുത്തൂർ

കരാർ നിയമനങ്ങൾക്കുള്ള വിജ്ഞാപനം

TZP2 - 1400 /2026 **തീയതി : 06/11/2026**

കേരള സർക്കാരിന്റെ വനം വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണം, ശാസ്ത്രീയ മൃഗപരിപാലനം, ഗവേഷണം, ജൈവവൈവിധ്യ സംരക്ഷണം, പരിസ്ഥിതി വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി സ്ഥാപിച്ചിട്ടുള്ള ആധുനിക സുവോളജിക്കൽ പാർക്കാണ്. ഏകദേശം 338 ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന പാർക്ക്, മൃഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. വന്യജീവികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനൊപ്പം, വംശനാശഭീഷണി നേരിടുന്ന ജീവിവർഗങ്ങളുടെ സംരക്ഷണം, ശാസ്ത്രീയ പഠനങ്ങൾ, പ്രകൃതിസംരക്ഷണ ബോധവൽക്കരണം എന്നിവയ്ക്കും പാർക്ക് പ്രാധാന്യം നൽകുന്നു.

മൃഗങ്ങളുടെ പരിപാലനവും ക്ഷേമവും, സന്ദർശകർക്കുള്ള വിവരവിനിമയം, പൊതുജനസമ്പർക്കം, വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമിടയിൽ വന്യജീവി–പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണം എന്നിവ സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് പാർക്ക് ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യങ്ങളുടെ ഭാഗമായി, തൃശ്ശൂർ സുവോളജിക്കൽ പാർക്ക് കൺസർവേഷൻ & ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ താഴെപ്പറയുന്ന തസ്തികകളിലേക്ക് നിശ്ചിത യോഗ്യതകളും വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുള്ള മറ്റ് നിബന്ധനകളും പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി താഴെപ്പറയും പ്രകാരം അപേക്ഷകൾ ക്ഷണിക്കുന്നു.

കാറ്റഗറി നമ്പർ - 1/2026

Educational Officer

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് കൺസർവേഷൻ & ഡെവലപ്മെന്റ് സൊസൈറ്റി, പുത്തൂരിൽ Educational Officer തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

1. **ഉദ്യോഗപ്പേര് : Educational Officer (On Contract)**

2. **ശമ്പളം : ₹ 30,990/- per month**

3. ഒഴിവുകളുടെ എണ്ണം : 1 (ഒന്ന്)

I. ചുമതലകളും ഉത്തരവാദിത്തങ്ങളും

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് ഡയറക്ടറുടെ ഭരണനിയന്ത്രണത്തിലും കൺസർവേറ്റർ/ബയോളജിസ്റ്റിന്റെ സാങ്കേതിക മാർഗനിർദ്ദേശത്തിലും പ്രവർത്തിക്കേണ്ട ഉദ്യോഗസ്ഥനാണ് വിദ്യാഭ്യാസ ഓഫീസർ. സന്ദർശകരായ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പൊതുജനങ്ങൾക്കും വന്യജീവി സംരക്ഷണം, ജൈവവൈവിധ്യം, പരിസ്ഥിതി സംരക്ഷണം, മൃഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥ എന്നിവയെക്കുറിച്ച് ശാസ്ത്രീയവും വിജ്ഞാനപ്രദവുമായ അവബോധം നൽകുക തുടങ്ങി ടി ഉദ്യോഗസ്ഥന്റെ പ്രധാന ചുമതലകൾ താഴെപ്പറയുന്നു.

1. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും സന്ദർശകർക്കും പൊതുജനങ്ങൾക്കുമായി വിദ്യാഭ്യാസ പരിപാടികൾ ആസൂത്രണം ചെയ്യുകയും സംഘടിപ്പിക്കുകയും ചെയ്യുക.
2. Interpretation Centre-ലെ പ്രദർശനങ്ങൾ, വിദ്യാഭ്യാസപരമായ സൈൻ ബോർഡുകൾ, പ്രദർശന ബോർഡുകൾ, ഡിജിറ്റൽ വിദ്യാഭ്യാസ ഉള്ളടക്കങ്ങൾ എന്നിവ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക.
3. വന്യജീവി ബോധവൽക്കരണ ക്യാമ്പയിനുകൾ, പ്രകൃതി പഠന ക്യാമ്പുകൾ, ശിൽപ ശാലകൾ, പ്രദർശനങ്ങൾ, മറ്റ് ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.
4. വന്യജീവികളെയും അവയുടെ സംരക്ഷണത്തെയും കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ഗൈഡഡ് ടൂറുകൾ, മൃഗശാലാ പഠനയാത്രകൾ എന്നിവ നടത്തുക.
5. ലഘുലേഖകൾ, വഴികാട്ടി പുസ്തകങ്ങൾ, വാർത്താക്കുറിപ്പുകൾ, റിപ്പോർട്ടുകൾ തുടങ്ങിയ വിദ്യാഭ്യാസ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുക.
6. സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂളുകൾ, കോളേജുകൾ, സർവകലാശാലകൾ, സന്നദ്ധ സംഘടനകൾ, മറ്റ് വിദ്യാഭ്യാസ-പരിസ്ഥിതി സംഘടനകൾ എന്നിവയുമായി ഏകോപനം നടത്തുക.
7. ഇന്റേൺഷിപ്പ്, വിദ്യാർത്ഥി പങ്കാളിത്ത പരിപാടികൾ, മൃഗശാലാ ജീവനക്കാർക്കും ഗൈഡുകൾക്കുമുള്ള പരിശീലന പരിപാടികൾ എന്നിവയ്ക്ക് ആവശ്യമായ സഹായവും ഏകോപനവും നൽകുക.
8. വിദ്യാഭ്യാസ പരിപാടികളുടെ രേഖകളും പങ്കെടുത്തവരുടെ വിവരങ്ങളും സൂക്ഷിക്കുകയും ഡയറക്ടർ/കൺസർവേറ്റർക്ക് കാലാകാലങ്ങളിൽ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യുക.
9. വിദ്യാഭ്യാസ പരിപാടികൾ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ (CZA) മാർഗനിർദ്ദേശങ്ങൾക്കും ബന്ധപ്പെട്ട സർക്കാർ നയങ്ങൾക്കും അനുസൃതമാണെന്ന് ഉറപ്പാക്കുക.
10. വിദ്യാഭ്യാസം, ബോധവൽക്കരണം, സംരക്ഷണ പ്രചാരണം എന്നിവയുമായി ബന്ധപ്പെട്ട് ഡയറക്ടർ/കൺസർവേറ്റർ നിർദ്ദേശിക്കുന്ന മറ്റ് ചുമതലകൾ നിർവഹിക്കുക.

II. യോഗ്യതകൾ

1. വിദ്യാഭ്യാസ യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്നുള്ള സുവോളജി, വന്യജീവി ജീവശാസ്ത്രം (Wildlife Biology) അല്ലെങ്കിൽ തത്തുല്യ വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം.

2. പ്രവൃത്തിപരിചയം: താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒരു യോഗ്യത ഉണ്ടായിരിക്കണം:

- ഒരു മൃഗശാലയിൽ വിദ്യാഭ്യാസ ഓഫീസറായി കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തിപരിചയം;

അല്ലെങ്കിൽ

- സംസ്ഥാന/കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു സ്ഥാപനത്തിൽ കുറഞ്ഞത് രണ്ട് വർഷത്തെ അധ്യാപനപരിചയം.

III. പ്രായപരിധി

ഉയർന്ന പ്രായപരിധി : 18 – 40; ഉദ്യോഗാർത്ഥികൾ 02.01.1986 നും 01.01.2008 നും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും അനുവദനീയമായ വയസ്സിളവുണ്ടായിരിക്കും.

കാറ്റഗറി നമ്പർ - 02/2026

Public Relations Officer (PRO)

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് കൺസർവേഷൻ & ഡെവലപ്മെന്റ് സൊസൈറ്റി, പുത്തൂരിൽ Public Relations Officer (PRO)തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

1. ഉദ്യോഗപ്പേര് : Public Relations Officer (PRO **On Contract)**

2. ശമ്പളം : ₹ 30,990/- per month

3. ഒഴിവുകളുടെ എണ്ണം : 1 (ഒന്ന്)

I. ചുമതലകളും ഉത്തരവാദിത്തങ്ങളും

തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ പൊതുജന സമ്പർക്കം, മാധ്യമബന്ധങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്ഥാപനത്തിന്റെ ബ്രാൻഡിംഗ്, സന്ദർശക പങ്കാളിത്തം എന്നിവ കൈകാര്യം ചെയ്യുക, കൃത്യമായ വിവരങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുക, വന്യജീവി സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ ചുമതലകൾ.

പ്രധാന ചുമതലകൾ താഴെപ്പറയുന്നവയാണ്:

1. അച്ചടി, ഇലക്ട്രോണിക്, ഡിജിറ്റൽ മാധ്യമങ്ങളുമായി ഏകോപനം നടത്തുക. പാർക്കിന്റെ പ്രവർത്തനങ്ങൾ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനും മാധ്യമ സന്ദർശനങ്ങൾക്കും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക.
2. ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരത്തിന് വിധേയമായി പത്രക്കുറിപ്പുകൾ, മാധ്യമങ്ങൾക്കുള്ള വിവരക്കുറിപ്പുകൾ, ഔദ്യോഗിക പ്രസ്താവനകൾ, മറ്റ് ആശയവിനിമയ സാമഗ്രികൾ എന്നിവ തയ്യാറാക്കുക.

3. പാർക്കിന്റെ പ്രവർത്തനസമയം, ടിക്കറ്റ് നിരക്കുകളും ടിക്കറ്റിംഗ് സംവിധാനവും, നിയമങ്ങളും ചട്ടങ്ങളും, സൗകര്യങ്ങളും, മൃഗങ്ങളുടെ പ്രദർശനങ്ങളും സംരക്ഷണ പരിപാടികളും സംബന്ധിച്ച് സന്ദർശകർക്ക് കൃത്യമായ വിവരങ്ങൾ നൽകുക.

4. പൊതുജനങ്ങളുടെ അന്വേഷണങ്ങൾ, പരാതികൾ, അഭിപ്രായങ്ങൾ എന്നിവ കൈകാര്യം ചെയ്യുകയും പരാതികൾ പരിഹരിക്കുന്നതിനുള്ള ഉചിതമായ നടപടികൾ ഏകോപിപ്പിക്കുകയും ചെയ്യുക.

5. ഡയറക്ടറുമായി ഏകോപനം നടത്തി സൊസൈറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റും സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകളും കൈകാര്യം ചെയ്യുക.

6. പൊതുജന ബോധവൽക്കരണ ക്യാമ്പയിനുകൾ, വന്യജീവി സംരക്ഷണ പരിപാടികൾ, പ്രദർശനങ്ങൾ, വന്യജീവി വാരാഘോഷം, മറ്റ് പൊതുപരിപാടികൾ എന്നിവ ആസൂത്രണം ചെയ്യുകയും ഏകോപിപ്പിക്കുകയും ചെയ്യുക.

7. പൊതുജനങ്ങളിലേക്കുള്ള ആശയവിനിമയത്തിൽ കൃത്യതയും ഏകീകൃതതയും ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ ഓഫീസർ, കൺസേർവേറ്റർ, ബയോളജിസ്റ്റ്, വെറ്ററിനറി ഓഫീസർ, മറ്റ് വിഭാഗങ്ങൾ എന്നിവരുമായി ഏകോപനം നടത്തുക.

8. മൃഗദത്തെടുക്കൽ പദ്ധതികൾ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) പങ്കാളിത്തങ്ങൾ, സ്പോൺസർഷിപ്പ് അവസരങ്ങൾ, മറ്റ് സംരക്ഷണ സംരംഭങ്ങൾ എന്നിവയുടെ പ്രചാരണത്തിന് സഹായിക്കുക.

9. അടിയന്തര സാഹചര്യങ്ങൾ, മൃഗങ്ങളുമായി ബന്ധപ്പെട്ട സംഭവങ്ങൾ, മറ്റ് ഗൗരവമേറിയ സാഹചര്യങ്ങൾ എന്നിവയിൽ ഡയറക്ടറുടെയോ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരത്തോടെ പൊതുജന ആശയവിനിമയം കൈകാര്യം ചെയ്യുക.

10. വാർത്താക്കുറിപ്പുകൾ, വാർഷിക റിപ്പോർട്ടുകൾ, പരിപാടി റിപ്പോർട്ടുകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ തയ്യാറാക്കുകയും മാധ്യമവാർത്തകൾ, ഫോട്ടോകൾ, വീഡിയോകൾ, പൊതുജന സമ്പർക്ക പ്രവർത്തനങ്ങൾ എന്നിവയുടെ രേഖകൾ സൂക്ഷിക്കുകയും ചെയ്യുക.

11. സന്ദർശകരുടെ അഭിപ്രായങ്ങൾ, പൊതുജന പങ്കാളിത്തം, മാധ്യമങ്ങളിലെ വാർത്തകൾ എന്നിവ നിരീക്ഷിക്കുകയും ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ കാലാകാലങ്ങളിൽ ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുക.

12. ആശയവിനിമയ പ്രവർത്തനങ്ങൾ നിലവിലുള്ള നിയമങ്ങൾ, കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ (CZA) മാർഗനിർദ്ദേശങ്ങൾ, ബന്ധപ്പെട്ട സർക്കാർ നയങ്ങൾ എന്നിവയ്ക്ക് അനുസൃതമാണെന്ന് ഉറപ്പാക്കുക.

13. സൊസൈറ്റിയുടെ താൽപര്യങ്ങൾ മുൻനിർത്തി ഡയറക്ടർ/കൺസേർവേറ്റർ അല്ലെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന മറ്റ് ചുമതലകൾ നിർവഹിക്കുക.

II. യോഗ്യതകൾ

1.വിദ്യാഭ്യാസ യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ജേണലിസം, മാസ് കമ്മ്യൂണിക്കേഷൻ, പബ്ലിക് റിലേഷൻസ് അല്ലെങ്കിൽ അഡ്വർടൈസിംഗ് (പരസ്യവിജ്ഞാപനം) എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തര ബിരുദമോ ബിരുദാനന്തര ഡിപ്ലോമയോ നേടിയിരിക്കണം.

2.പ്രവൃത്തിപരിചയം: ജേണലിസം, മാസ് കമ്മ്യൂണിക്കേഷൻ, പബ്ലിക് റിലേഷൻസ്, പരസ്യവിജ്ഞാപനം അല്ലെങ്കിൽ അനുബന്ധ മേഖലകളിൽ ഏകദേശം മൂന്ന് വർഷത്തെ തൊഴിൽപരിചയം അഭികാമ്യം

3.ഭാഷാപരിജ്ഞാനം: മലയാളത്തിലും ഇംഗ്ലീഷിലും എഴുത്തിലും സംസാരത്തിലും പ്രാവീണ്യം ഉണ്ടായിരിക്കണം.

III. പ്രായപരിധി

ഉയർന്ന പ്രായപരിധി : 18 – 40; ഉദ്യോഗാർത്ഥികൾ 02.01.1986 നും 01.01.2008 നും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും അനുവദനീയമായ വയസ്സിളവുണ്ടായിരിക്കും.

കാറ്റഗറി നമ്പർ - 03/2026

Electrician

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് കൺസർവേഷൻ & ഡെവലപ്മെന്റ് സൊസൈറ്റി, പുത്തൂരിൽ Electrician തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

1. **ഉദ്യോഗപ്പേര് :** Electrician **(On Contract)**
2. **ശമ്പളം : ₹ 22,130/- per month**
3. **ഒഴിവുകളുടെ എണ്ണം : 1 (ഒന്ന്)**

I. ചുമതലകളും ഉത്തരവാദിത്തങ്ങളും

ഡയറക്ടറുടെ നിയന്ത്രണത്തിലും ബന്ധപ്പെട്ട മേലധികാരിയുടെ മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതാണ്. പാർക്കിലെ വൈദ്യുതി വിതരണ സംവിധാനങ്ങൾ, ട്രാൻസ്ഫോർമർ, ജനറേറ്റർ, വൈദ്യുത ഉപകരണങ്ങൾ എന്നിവയുടെ പ്രവർത്തനക്ഷമതയും പരിപാലനവും ഉറപ്പുവരുത്തേണ്ടതും കച്ചവട സ്ഥാപനങ്ങളിലെ വൈദ്യുതി മീറ്ററുകളുടെ റീഡിംഗ് പരിശോധിച്ച് ഉപഭോഗം കണക്കാക്കി പ്രതിമാസ ബില്ലുകൾ തയ്യാറാക്കേണ്ടതുമാണ്. വൈദ്യുത സുരക്ഷ ഉറപ്പുവരുത്തുന്നതിനും വൈദ്യുത തകരാറുകൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രധാന ചുമതലകൾ താഴെപ്പറയുന്നവയാണ്:

1. സുവോളജിക്കൽ പാർക്കിലെ വൈദ്യുത വിതരണ സംവിധാനങ്ങൾ, പാനലുകൾ, കേബിളുകൾ, ലൈറ്റുകൾ, പമ്പുകൾ തുടങ്ങിയവയുടെ പരിപാലനവും അറ്റകുറ്റപ്പണികളും നിർവഹിക്കുക.

2. പാർക്കിലെ ട്രാൻസ്ഫോർമറിന്റെ പ്രവർത്തനം നിരീക്ഷിക്കുകയും ആവശ്യമായ പരിശോധനകളും അറ്റകുറ്റപ്പണികളും ഏകോപിപ്പിക്കുകയും ചെയ്യുക.

3. ജനറേറ്ററിന്റെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുകയും പ്രവർത്തനസമയം, ഇന്ധന ഉപയോഗം, അറ്റകുറ്റപ്പണികൾ എന്നിവയുടെ രേഖകൾ സൂക്ഷിക്കുകയും ചെയ്യുക.

4. പാർക്കിനുള്ളിലെ കച്ചവട സ്ഥാപനങ്ങളിലെ വൈദ്യുതി മീറ്ററുകളുടെ പ്രതിമാസ റീഡിംഗ് പരിശോധിച്ച് വൈദ്യുതി ഉപഭോഗം കണക്കാക്കുക.

5. കച്ചവട സ്ഥാപനങ്ങൾക്കുള്ള വൈദ്യുതി ചാർജ് കണക്കാക്കി പ്രതിമാസ ബില്ലുകൾ തയ്യാറാക്കി സമർപ്പിക്കുക.

6. വൈദ്യുത തകരാറുകൾ കണ്ടെത്തി പരിഹരിക്കുകയും വൈദ്യുത സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുക.

7. വൈദ്യുതി ഉപഭോഗം, മീറ്റർ റീഡിംഗ്, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കുക.

8. വൈദ്യുത സംവിധാനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഊർജ്ജ സംരക്ഷണത്തിനും ആവശ്യമായ നിർദേശങ്ങൾ മേലധികാരികൾക്ക് സമർപ്പിക്കുക.

II. യോഗ്യതകൾ

1. വിദ്യാഭ്യാസ യോഗ്യത : എസ്. എസ് എൽ.സി. അഥവാ തത്തുല്യമായ യോഗ്യതയും, കേരള സർക്കാരിലെ ബന്ധപ്പെട്ട വകുപ്പ് നൽകുന്ന ഇലക്ട്രീഷ്യൻ ട്രേഡിലെ ഐ.ടി.ഐ /ഐ.ടി.സി. സർട്ടിഫിക്കറ്റും കേരള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് നൽകുന്ന വയർമാൻ ലൈസൻസും...

2. മറ്റ യോഗ്യതകൾ :

(1). കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ ഏതിൽ നിന്നെങ്കിലും ഇലക്ട്രീഷ്യൻ/വയർമാൻ/തത്തുല്യമായ ജോലിയിൽ ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.

(2). കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ. കേന്ദ്ര/സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങൾ ഏതിൽ നിന്നെങ്കിലും 500 കെ.വി.എ.യിൽ കുറയാത്ത ഹൈ ടെൻഷൻ നിലയത്തിലെ പ്രവൃത്തി പരിചയം അഭികാമ്യം.

III. പ്രായപരിധി

ഉയർന്ന പ്രായപരിധി : 18 – 40; ഉദ്യോഗാർത്ഥികൾ 02.01.1986 നും 01.01.2008 നും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും അനുവദനീയമായ വയസ്സിളവുണ്ടായിരിക്കും.

കാറ്റഗറി നമ്പർ - 04/2026
അനിമൽ കീപ്പർ ടെയിനി

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് കൺസർവേഷൻ & ഡെവലപ്മെന്റ് സൊസൈറ്റി, പുത്തൂരിൽ അനിമൽ കീപ്പർ ടെയിനി തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

1. ഉദ്യോഗപ്പേര് : അനിമൽ കീപ്പർ ടെയിനി (On Contract)

2. ശമ്പളം: ടെയിനിമാരായി കരാർ അടിസ്ഥാനത്തിൽ 2 വർഷത്തേക്കാണ് നിയമനം. ആദ്യവർഷം പ്രതിമാസം 12000/- രൂപയും, രണ്ടാം വർഷം പ്രതിമാസം 15000/- രൂപയും ലഭിക്കും.

3. ഒഴിവുകളുടെ എണ്ണം : പുരുഷന്മാർ - 15 , സ്ത്രീകൾ - 5

I. ചുമതലകളും ഉത്തരവാദിത്തങ്ങളും

പാർക്കിലെ വിവിധയിനം ജീവികളുടെ ആവാസവ്യവസ്ഥ, ഭക്ഷണരീതി, രോഗങ്ങൾ, പ്രജനന രീതി, മറ്റു സ്വഭാവങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ശാസ്ത്രീയമായ അറിവും പ്രായോഗിക ജ്ഞാനവും നേടുകയാണ് പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി വിവിധ മൃഗശാലകളിൽ പരിശീലനത്തിൽ പങ്കെടുക്കുക, പാർക്ക് അധികാരികൾ നൽകുന്ന നിർദേശങ്ങൾ പാലിച്ചു ഏൽപ്പിക്കുന്ന ജോലികൾ നിർവഹിക്കുക, പൊതുജന സമ്പർക്ക പരിപാടികളിൽ പങ്കെടുക്കുക, എൻക്ലോഷറുകൾ വൃത്തിയായും അരോഗ്യകരമായും സംരക്ഷിക്കുക, രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക, മൃഗങ്ങൾക്കുള്ള വിവിധയിനം ഭക്ഷണങ്ങൾ തയ്യാറാക്കുക എന്നീ വിവിധ മേഖലകളിൽ പരിശീലന സമയത്ത് അവഗാഹം നേടണം. ഈ വിഷയത്തിൽ വെറ്റിനറി ഓഫീസർ, കൃറേറ്റർ, സൂപ്പർവൈസർ മറ്റു മേലധികാരികൾ എന്നിവരുടെ മേൽനോട്ടത്തിൽ സ്വതന്ത്ര ചുമതലയും വഹിക്കേണ്ടി വരും.

II. യോഗ്യതകൾ

1) **വിദ്യാഭ്യാസ യോഗ്യത**: ഏഴാം ക്ലാസ് പാസ്സായിരിക്കണം. ഡിഗ്രി ഉണ്ടാകാൻ പാടില്ല.

2) **ശാരീരിക യോഗ്യതകൾ :** എല്ലാ ഉദ്യോഗാർത്ഥികളും ശാരീരികമായി ആരോഗ്യവാന്മാരായിരിക്കണം. കൂടാതെ, താഴെപ്പറയുന്ന കുറഞ്ഞ ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കണം.

   (a) **ഉയരം:** പുരുഷ ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 168 സെ.മീ.ഉം വനിതാ ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 157 സെ.മീ.ഉം ഉയരം ഉണ്ടായിരിക്കണം.

   (b) **നെഞ്ചളവ്:** പുരുഷ ഉദ്യോഗാർത്ഥികൾക്ക് നെഞ്ചളവ് കുറഞ്ഞത് 81 സെ.മീ. ആയിരിക്കണം. നെഞ്ച് വികസിക്കുമ്പോൾ കുറഞ്ഞത് 5 സെ.മീ. വർധനവും ഉണ്ടായിരിക്കണം.

   കുറിപ്പ്:

   (I) പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പുരുഷ ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞ ഉയരം 161 സെ.മീ.യും നെഞ്ചളവ് 76 സെ.മീ.യും ആയിരിക്കണം. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വനിതാ ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞ ഉയരം 151

സെ.മീ. ആയിരിക്കണം. എന്നാൽ, പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പുരുഷ ഉദ്യോഗാർത്ഥികൾക്കും നെഞ്ച് വികസിക്കുമ്പോൾ കുറഞ്ഞത് 5 സെ.മീ. വർധനവ് ഉണ്ടായിരിക്കണം.

(II) കാൽ മുട്ടുകൾ അകത്തേക്ക് വളയുന്ന അവസ്ഥ (Knock Knee), പരന്ന പാദം (Flat Foot), ഞരമ്പുകൾ തടിച്ചുവീർക്കുന്ന അവസ്ഥ (Varicose Veins), കാലുകൾ പുറത്തേക്ക് വളയുന്ന അവസ്ഥ (Bow Legs), കൈകാലുകളിലെ വൈകല്യങ്ങൾ, സംസാരവൈകല്യം, കേൾവിക്കുറവ് തുടങ്ങിയ പ്രകടമായ ശാരീരിക വൈകല്യങ്ങൾ ഉണ്ടായിരിക്കരുത്.

3) മെഡിക്കൽ സ്റ്റാൻഡേർഡ്സ് :

i) ചെവി : പൂർണമായും കേൾവി ഉണ്ടായിരിക്കണം

ii) കണ്ണ് : കണ്ണട ഉപയോഗിക്കാതെ കാഴ്ച സംബന്ധിച്ച താഴെ പറയുന്ന മാനദണ്ഡങ്ങൾ സാക്ഷ്യപ്പെടുത്തിയിക്കണം

(a) ദൂരക്കാഴ്ച : 6/6 സ്നെല്ലെൻ (Snellen)

(b) അടുത്ത കാഴ്ച : 0.5 സ്നെല്ലെൻ (Snellen)

(c) കളർ വിഷൻ : സാധാരണ

(d) നൈറ്റ് ബ്ലൈൻഡ്നെസ് ഉണ്ടാകരുത്

iii) മസിലുകളിലും സന്ധികളിലും പരാലിസിസ് ഉണ്ടായിരിക്കരുത്. സന്ധികൾ സ്വതന്ത്രമായി ചലിക്കണം (No paralysis and all joints with free movements.)

iv) നാഡിവ്യൂഹം (Nervous Perfectly normal. Free from any infectious disease system)

കുറിപ്പ് - ആരോഗ്യമാനദണ്ഡം സംബന്ധിച്ച് ഗവൺമെന്റ് സർവീസിൽ അസിസ്റ്റന്റ് സർജനിൽ കുറയാത്ത ഓഫീസറുടെ സർട്ടിഫിക്കറ്റ് ജോലിയിൽ ചേരുന്ന സമയത്ത് ഹാജരാക്കണം.

പൊതുനിർദ്ദേശങ്ങൾ

1. **അപേക്ഷാ ഫോം:** നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോം ഈ വിജ്ഞാപനത്തോടൊപ്പം കേരള വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.forest.kerala.gov.in ൽ ലഭ്യമായിരിക്കും.

2. **അപേക്ഷ സമർപ്പിക്കൽ:** അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിക്കുകയും, സമീപകാലത്ത് എടുത്ത ഫോട്ടോ പതിപ്പിക്കുകയും ബന്ധപ്പെട്ട രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സമർപ്പിക്കുകയും വേണം. അപേക്ഷ തപാൽ മുഖേനയോ നേരിട്ടോ താഴെ നൽകിയിരിക്കുന്ന ഇ-മെയിൽ വിലാസത്തിലൂടെയോ സമർപ്പിക്കാവുന്നതാണ്.

3. **തിരഞ്ഞെടുപ്പ് നടപടിക്രമം:** ലഭിക്കുന്ന അപേക്ഷകൾ യോഗ്യത പരിശോധിക്കുന്നതിനായി സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ

ചുരുക്കപ്പട്ടിക തയ്യാറാക്കുകയും അഭിമുഖത്തിന്റെയും സൊസൈറ്റി നിർദ്ദേശിക്കുന്ന മറ്റ് മൂല്യനിർണയ നടപടികളുടെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യും. തുടർന്ന്, റാങ്ക് പട്ടിക തയ്യാറാക്കി റാങ്കിന്റെ മുൻഗണനാക്രമത്തിൽ നിയമനം നടത്തുന്നതായിരിക്കും. കരാർ നിയമനത്തിന്റെ കാലാവധി നിയമന തീയതി മുതൽ ഒരു വർഷമായിരിക്കും.

4. **സർട്ടിഫിക്കറ്റുകൾ:** പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, മറ്റ ഉയർന്ന യോഗ്യതകൾ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം. അഭിമുഖ സമയത്ത് അസൽ സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

5. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി:** അപേക്ഷകൾ **15/12/2026-ന് വൈകുന്നേരം 5.00 മണിക്ക്** മുമ്പായി ഡയറക്ടർ/മെമ്പർ സെക്രട്ടറിയുടെ ഓഫീസിൽ നേരിട്ടോ ഇ-മെയിൽ മുഖേനയോ ലഭിച്ചിരിക്കണം. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

6. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും, ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് ഉണ്ടാകുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

അപേക്ഷ സമർപ്പിക്കേണ്ട വിലാസം:

ഡയറക്ടർ / മെമ്പർ സെക്രട്ടറി
തൃശ്ശൂർ സുവോളജിക്കൽ പാർക്ക് കൺസർവേഷൻ & ഡെവലപ്മെന്റ് സൊസൈറ്റി
കുരിശുമൂലയ്ക്ക് സമീപം, പുത്തൂർ പി.ഒ.
തൃശ്ശൂർ – 680014, കേരളം.
ഇ-മെയിൽ: **director@tzp-cds.com**

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തിസമയങ്ങളിൽ, **0487-2353455**, **9447979194** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

NAGARAJ B N
Digitally signed by NAGARAJ B N
Date: 2026.11.06 11:11:47 +05'30'

ഡയറക്ടർ & മെമ്പർ സെക്രട്ടറി
തൃശ്ശൂർ സുവോളജിക്കൽ പാർക്ക്
കൺസർവേഷൻ & ഡവലപ്പ്മെന്റ്
സൊസൈറ്റി

കേരള വനം വകുപ്പ്

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് കൺസർവേഷൻ & ഡെവലപ്പ്മെന്റ് സൊസൈറ്റി, പുത്തൂർ

കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷ ഫോറം

അടുത്ത കാലത്തെടുത്ത കളർ ഫോട്ടോ

അപേക്ഷിക്കുന്ന തസ്തിക : .....

കാറ്റഗറി നമ്പർ : .....

1.	അപേക്ഷകന്റെ പേര്	
2.	വിലാസം	
3.	സ്ഥിരമായി താമസിക്കുന്ന ജില്ല	
4.	മൊബൈൽ നമ്പർ	
5.	ഇ-മെയിൽ ഐ.ഡി (ഇണ്ടെങ്കിൽ)	
6.	ജനനത്തീയതിയും വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള തീയതിയിലെ പ്രായവും:	ജനനത്തീയതി: ..... പ്രായം: ..... വർഷം ..... മാസം
7.	ഏത് ലംഗത്തിൽപ്പെടുന്നു (പുരുഷൻ/സ്ത്രീ/മറ്റ് വിഭാഗം)	
8.	നിലവിലെ വിദ്യാഭ്യാസ യോഗ്യത	

9.	വിദ്യാഭ്യാസ യോഗ്യത സംബന്ധിക്കുന്ന ഉള്ളടക്കം ചെയ്ത രേഖകൾ	
10.	ഏത് വിഭാഗത്തിൽപ്പെടുന്നു ? (പട്ടിക ജാതി / പട്ടിക വർഗം/ മറ്റ് പിന്നാക്ക വിഭാഗം / പൊതു വിഭാഗം)	
11.	പ്രവൃത്തിപരിചയത്തിന്റെ വിശദാംശങ്ങൾ:	
12.	പ്രവൃത്തിപരിചയം സംബന്ധിച്ച രേഖകളുടെ വിശദാംശങ്ങൾ: പരിചയ സർട്ടിഫിക്കറ്റ്/സേവന സർട്ടിഫിക്കറ്റ്/മറ്റ് രേഖകൾ:	
13.	പ്രായപരിധിയിൽ ഇളവിന് അർഹതയുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ഹാജരാക്കുന്ന രേഖയും:	
14.	നിലവിൽ ചെയ്യുന്ന ജോലി/തൊഴിൽ:	

സത്യപ്രസ്താവന

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്നും ഈ നിയമനത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യത എനിക്കുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്:

പേര്:

സ്ഥലം :

തീയതി :